**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **10-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുജനാരോഗ്യമേഖലയെ വർഗീയവൽക്കരിക്കാൻ ശ്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പൊതുജനാരോഗ്യമേഖലയെ വർഗീയവൽക്കരിക്കാൻ കേന്ദ്രസർക്കാർ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ "ആരോഗ്യം പരമം ധനം" എന്ന മുദ്രാനാമത്തോടുകൂടി "ആയുഷ്മാൻ ആരോഗ്യ മന്ദിർ" എന്ന് പുനർനാമകരണം ചെയ്യണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ആരംഭിച്ച ആരോഗ്യകേന്ദ്രങ്ങളുടെ പേര് ആയുഷ്മാൻ ആരോഗ്യ മന്ദിർ എന്ന് മാറ്റണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | കോ-ബ്രാൻഡിംഗ് നടത്തിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം തടഞ്ഞുവച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് കേന്ദ്രങ്ങളുടെ മുൻഭാഗത്തെ ബ്രാൻഡിംഗ് (Facade branding ) സംബന്ധിച്ച് കേന്ദ്ര സർക്കാർ 2018 മെയ് മാസത്തിൽ നിർദേശങ്ങൾ നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം കോബ്രാൻഡിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, സംസ്ഥാനത്തെ സബ് സെന്റർ (ജനകീയ ആരോഗ്യ കേന്ദ്രം), പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം, നഗര പ്രാഥമികാരോഗ്യ കേന്ദ്രം, അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ എന്നിവ ഉൾപ്പടെ 6903 സ്ഥാപനങ്ങളിൽ കോ ബ്രാൻഡിംഗ് സാധ്യമായിരുന്ന 6298 സ്ഥാപനങ്ങളിൽ 6147 സ്ഥാപനങ്ങളിലും കോ ബ്രാൻഡിംഗ് പൂർത്തിയാക്കി വിവരങ്ങൾ ആയുഷ്മാൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ 98.3% സ്ഥാപനങ്ങളെയും കോ ബ്രാൻഡ് ചെയ്തിരുന്നുവെങ്കിലും 2023-24 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട കാഷ് ഗ്രാൻറ് ഫണ്ട്, 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട ആദ്യ ഗഡു കേന്ദ്ര വിഹിതം എന്നിവ നാളിതുവരെ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആശാവർക്കർമാരുടെ ഇൻസെന്റീവ്, സൗജന്യ പരിശോധന, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, 108 ആംബുലൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് വിവിധ ആരോഗ്യ സ്ഥാപനങ്ങളിലും ജില്ലാ-സംസ്ഥാന- കാര്യാലയങ്ങളിലുമായി നിയമിച്ചിരുന്ന പതിനയ്യായിരത്തിലധികം ജീവനക്കാരുടെ പ്രതിമാസ വേതനം, സംസ്ഥാനത്തുടനീളം ഇരുപത്തി ഒന്നായിരത്തിലധികം ആശാ പ്രവർത്തകരുടെ പ്രതിമാസ ഇൻസെന്റീവ് തുടങ്ങിയവയും, ദേശീയ ആരോഗ്യ ദൗത്യം പദ്ധതികളായ ഗർഭിണികളുടെ സൗജന്യ ചികിത്സ, കുട്ടികളുടെ സൗജന്യ ചികിത്സ, ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയുൾപ്പെടുത്തി സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന (പുതിയ കെട്ടിടങ്ങൾ, വാർഡുകൾ, ഓപ്പറേഷൻ തീയറ്റർ സൗകര്യ വികസനം മുതലായവ) പ്രവർത്തനങ്ങൾ, വിവിധ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഉപകരണങ്ങൾ, പകർച്ചേതരവ്യാധികളുടെ ചികിത്സയ്ക്കാവശ്യമായ ഉപകരണങ്ങൾ, മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, പേവിഷബാധയെ പ്രതിരോധിക്കുന്നതിനുള്ള ഇമ്മ്യൂണോഗ്ലോബുലിൻ തുടങ്ങിയവ വാങ്ങുക, കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനുള്ള പദ്ധതിയുടെ (Biomedical Equipment Maintenance Programme) നടത്തിപ്പ്, 108 ആംബുലൻസ് സർവ്വീസ്, തുടങ്ങിയവയും ഇപ്പോൾ പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* **23** — 10.06.2024 ൽ മറുപടിയ്ക്ക്

## പൊതുജനാരോഗ്യമേഖലയെ വർഗീയവൽക്കരിക്കാൻ ശ്രമം

| ചോദ്യം<br>ശ്രീ . മുഹമ്മദ് മുഹസിൻ<br>ശ്രീ ഇ ചന്ദ്രശേഖരൻ<br>ശ്രീ. വി. ആർ. സുനിൽകുമാർ<br>ശ്രീ. സി.സി. മുകുന്ദൻ | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുജനാരോഗ്യ മേഖലയെ വർഗീയവൽക്കരിക്കാൻ കേന്ദ്രസർക്കാർ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ "ആരോഗ്യം പരമം ധനം" എന്ന മുദ്രാനാമത്തോടുകൂടി "ആയുഷ്മാൻ ആരോഗ്യ മന്ദിർ" എന്ന് പുനർനാമകരണം ചെയ്യണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ആരംഭിച്ച ആരോഗ്യകേന്ദ്രങ്ങളുടെ പേര് ആയുഷ്മാൻ ആരോഗ്യ മന്ദിർ എന്ന് മാറ്റണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | കോ-ബ്രാൻഡിംഗ് നടത്തിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം തടഞ്ഞുവച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് കേന്ദ്രങ്ങളുടെ മുൻഭാഗത്തെ ബ്രാൻഡിംഗ് (Facade branding ) സംബന്ധിച്ച് കേന്ദ്ര സർക്കാർ 2018 മെയ് മാസത്തിൽ നിർദേശങ്ങൾ നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം കോബ്രാൻഡിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, സംസ്ഥാനത്തെ സബ് സെന്റർ (ജനകീയ ആരോഗ്യ കേന്ദ്രം), പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം, നഗര പ്രാഥമികാരോഗ്യ കേന്ദ്രം, അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ എന്നിവ ഉൾപ്പടെ 6903 സ്ഥാപനങ്ങളിൽ കോ ബ്രാൻഡിംഗ് സാധ്യമായിരുന്ന 6298 സ്ഥാപനങ്ങളിൽ 6147 സ്ഥാപനങ്ങളിലും കോ ബ്രാൻഡിംഗ് പൂർത്തിയാക്കി വിവരങ്ങൾ ആയുഷ്മാൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിരുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ 98.3% സ്ഥാപനങ്ങളെയും കോ ബ്രാൻഡ് ചെയ്തിരുന്നുവെങ്കിലും 2023-24 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട കാഷ് ഗ്രാന്റ് ഫണ്ട്, 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട ആദ്യ ഗഡു കേന്ദ്ര വിഹിതം എന്നിവ നാളിതുവരെ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആശാവർക്കർമാരുടെ ഇൻസെന്റീവ്, സൗജന്യ പരിശോധന, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, 108 ആംബുലൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br>ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് വിവിധ ആരോഗ്യ സ്ഥാപനങ്ങളിലും ജില്ലാ- സംസ്ഥാന- കാര്യാലയങ്ങളിലുമായി നിയമിച്ചിരുന്ന പതിനയ്യായിരത്തിലധികം ജീവനക്കാരുടെ പ്രതിമാസ വേതനം, സംസ്ഥാനത്തുടനീളം ഇരുപത്തി ഒന്നായിരത്തിലധികം ആശാ പ്രവർത്തകരുടെ പ്രതിമാസ ഇൻസെന്റീവ് തുടങ്ങിയവയും, ദേശീയ ആരോഗ്യ ദൗത്യം പദ്ധതികളായ ഗർഭിണികളുടെ സൗജന്യ ചികിത്സ, കുട്ടികളുടെ സൗജന്യ ചികിത്സ, ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയുൾപ്പെടുത്തി സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന (പുതിയ കെട്ടിടങ്ങൾ, വാർഡുകൾ, ഓപ്പറേഷൻ തീയറ്റർ സൗകര്യ വികസനം മുതലായവ) പ്രവർത്തനങ്ങൾ, വിവിധ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഉപകരണങ്ങൾ, പകർച്ചേതരവ്യാധികളുടെ ചികിത്സയ്ക്കാവശ്യമായ ഉപകരണങ്ങൾ, മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, പേവിഷബാധയെ പ്രതിരോധിക്കുന്നതിനുള്ള ഇമ്മ്യൂണോഗ്ലോബുലിൻ തുടങ്ങിയവ വാങ്ങുക, കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനുള്ള പദ്ധതിയുടെ (Biomedical Equipment Maintenance Programme) നടത്തിപ്പ്, 108 ആംബുലൻസ് സർവ്വീസ്, തുടങ്ങിയവയും ഇപ്പോൾ പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്. |

Shaila. m

സെക്ഷൻ ഓഫീസർ